# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4446 25.06.2019 ൽ മറുപടിക്ക്

## ഗസ്റ്റ് അദ്ധ്യാപികയുടെ നിയമനാംഗീകാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ | പ്രൊഫ. സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2013-14 അദ്ധ്യയനവർഷത്തിൽ തിരൂർ കെ.എച്ച്.എം.ഹയർ സെക്കണ്ടറി സ്കൂളിൽ ഗസ്റ്റ് അധ്യാപികയായി സേവനം ചെയ്ത ശ്രീമതി ഫാത്തിമ ജീൻസി വി.കെ.എന്നയാളിന് നിയമനാംഗീകാരം നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വെളിപ്പെടുത്താമോ; | (എ) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ പ്രകാരം സെറ്റ് യോഗ്യതയില്ലായെന്ന കാരണത്താൽ ടി അദ്ധ്യാപികയുടെ നിയമനാംഗീകാരം നിരസിച്ചിട്ടുണ്ട്. |
| ( ബി) ഈ കാലയളവിൽ ബി.എഡ്.യോഗ്യത ഇല്ലാത്ത പി. ജി. യോഗ്യത മാത്രമുള്ള എത്ര പേർക്ക് ഗസ്റ്റ് അദ്ധ്യാപകരായി നിയമനാംഗീകാരം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; ഇതിനായി ഇറക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ബി.എഡ് യോഗ്യതയില്ലാത്ത പി.ജി യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകരെ സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതാണ്. ഇത് സംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) ഏതെങ്കിലും വിഷയത്തിൽ സെറ്റ് യോഗ്യതയുള്ളവർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പി.ജി.യും ബി.എഡും. യോഗ്യത ഉള്ളവരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നോ;ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) എയ്ഡഡ് സ്കൂളുകളിൽ സെറ്റ് യോഗ്യത ഇല്ലാത്ത വരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനുള്ള അനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ സെറ്റ് യോഗ്യതയുള്ളവരെ ലഭിക്കാത്ത സാഹചര്യത്തിൽ ഗസ്റ്റ് അദ്ധ്യാപികയായി നിയമിക്കപ്പെട്ട ശ്രീമതി ഫാത്തിമ ജീൻസി വി. കെ.യ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | പിരിവ് 'സി' യ്ക്ക് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ